5. നഴ്സുമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും ഗുണമേന്മയുള്ള പരിശീലനം

6. പ്രത്യേക സാമ്പത്തിക മേഖലകളുടെ രൂപീകരണം

7. ആഴക്കടൽ മത്സ്യബന്ധനവും സമുദ്ര മത്സ്യ സംസ്ക്കരണവും വിപണനവും

8. സമുദ്രമേഖലയിലെ "പുര"

9. റബ്ബർ, തേയില, കാപ്പി, സുഗന്ധദ്രവ്യങ്ങൾ, നാളികേരം, പഴവർഗ്ഗങ്ങൾ എന്നിവയുടെ മൂല്യവർദ്ധന പരിപാടി

10. വികസനത്തെ സഹായിക്കുന്ന ബഹിരാകാശ ദൗത്യം

11. കൃഷി

12. പരമ്പരാഗത വ്യവസായങ്ങൾ

13. ദാരിദ്ര നിർമ്മാർജ്ജനം

14. പൊതുമേഖലയുടെ പുനഃസംഘടന

15. വികേന്ദ്രീകരണ പ്രവർത്തനങ്ങൾ

16. പരിസ്ഥിതി സംരക്ഷണം

ഈ പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ഇതിലെ പദ്ധതികൾ സംസ്ഥാന പദ്ധതികളുമായും കേന്ദ്രാവിഷ്കൃത പദ്ധതികളുമായും സംയോജിപ്പിച്ച് നടപ്പിലാക്കി വരുന്നു.

(ഡി) വിഷൻ 2010 ദൗത്യത്തിലെ പദ്ധതികൾ കേന്ദ്ര പദ്ധതികളായും സംസ്ഥാന പദ്ധതികളായും നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ അവ ഓരോന്നും പ്രത്യേകം പ്രത്യേകമായി നടപ്പിലാക്കുന്നില്ല.

വിഴിഞ്ഞം തുറമുഖ പദ്ധതിക്കുള്ള പാരിസ്ഥിതിക പഠനം

28 (*28) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കുള്ള കേന്ദ്ര സർക്കാരിന്റെ ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി നടത്തിയ പാരിസ്ഥിതിക പഠനം പൂർത്തിയായിട്ടുണ്ടോ ; ഇതിനായി എന്തൊക്കെ പഠനങ്ങളാണ് നടത്തിയത് എന്ന് വിശദമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ ഇനിയും എന്തൊക്കെ നടപടികളാണ് ശേഷിക്കുന്നത് ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തുറമുഖ റോഡിന്റെയും റെയിൽ പാതയുടേയും പാരിസ്ഥിതിക പഠനം പൂർത്തിയായിട്ടുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ കേന്ദ്ര സർക്കാരിന് നൽകി കഴിഞ്ഞുവോ ;

(ഇ) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചുവോ ; ഇല്ലെങ്കിൽ ഇതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെ ;

(എഫ്) ഇവ പരിഹരിക്കാനും കേന്ദ്രാനുമതി നേടുന്നതിനും എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നത് ;

(ജി) ഈ പദ്ധതിക്കായുള്ള അടിസ്ഥാന വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണം എന്ന് കൈവരിക്കാനാകും എന്നറിയിക്കുമോ ?

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻപിള്ള) :

(എ&ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട പാരിസ്ഥിതികാനുമതി(Environmental clearance)-ക്കായുള്ള അപേക്ഷ 5-10-2010-ൽ നൽകിയിട്ടുണ്ട്. CRZ ക്ലിയറൻസ് യഥാസമയം ലഭിക്കുന്നതിന് ആവശ്യമായ സംസ്ഥാന സർക്കാരിന്റെ അപേക്ഷയും കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും മറുപടി ലഭിച്ചശേഷമേ തുടർനടപടികൾ ആരംഭിക്കേണ്ടതുള്ളു.

(സി) ഇല്ല. നടന്നുവരുന്നു.

(ഡി) 'സി' പിരിവിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇത് സംബന്ധിച്ച അപേക്ഷകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) 2011-ൽ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

നിർദ്ദിഷ്ട റെയിൽവേ കോച്ച് ഫാക്ടറി

29 (*29) ശ്രീ. കെ. അച്ചുതൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്ടെ നിർദ്ദിഷ്ട റെയിൽവേ കോച്ച് ഫാക്ടറിയുടെ പ്രവർത്തനം തുടങ്ങുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly